പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 844

12/12/2012-ൽ
മറുപടിയ്ക്കു്

**ശബരിമല മാസ്റ്റർ പ്ലാൻ**

ചോദ്യം
ശ്രീ. ജി. സുധാകരൻ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നിലയ്ക്കലിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയത്; വിശദാംശം നൽകുമോ; | എ) | ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന്റെ ഭാഗമായി നിലയ്ക്കലിൽ രണ്ട് പാർക്കിംഗ് ഗ്രൗണ്ട്, റോഡുകൾ, ഹൈമാസ്റ്റ് ലൈറ്റ്, വാട്ടർ ടാങ്ക്, ചെക്കുഡാം തുടങ്ങിയവയുടെ പണികൾ അവസാന ഘട്ടത്തിലാണ്. |
| ബി) | മാസ്റ്റർ പ്ലാൻ പ്രകാരം ശബരിമലയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തീകരിച്ചത്; വിശദമാക്കാമോ; | ബി) | ബെയ്‌ലി പാലവും അപ്രോച്ച് റോഡും, ശരംകുത്തിയിലെ ക്യൂ കോംപ്ലക്സ്, സ്വാമി അയ്യപ്പൻ റോഡിന്റെ പണി എന്നിവ പൂർത്തീകരിച്ചു. |
| സി) | മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | സി) | ശബരിമല മാസ്റ്റർ പ്ലാൻ ഹ്രസ്വകാല-ദീർഘകാല അടിസ്ഥാനത്തിനുള്ള നിരവധി പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതാണ്. ഈ തീർത്ഥാടന കാലത്തിനു മുമ്പായി നിരവധി പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും പൂർത്തിയാക്കാനുള്ളവ തീർത്ഥാടന കാലത്തിനുശേഷം ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ